## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2165 17.06.2014 -ൽ മറുപടിക്ക് ഉണ്ടായിരുന്നത്**

## വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ എണ്ണം എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | 81 എണ്ണം ജില്ല തിരിച്ചുള്ള ചെക്ക് പോസ്റ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |
| (ബി) | വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനായി ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ; | (ബി) | വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനായി സർക്കാർ 17/6/2014 വരെ 4.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| ജില്ല | ചെക്ക് പോസ്റ്റുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 16 |
| കൊല്ലം | 2 |
| ഇടുക്കി | 4 |
| എറണാകുളം | 3 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 16 |
| മലപ്പുറം | 1 |
| കോഴിക്കോട് | 3 |
| വയനാട് | 15 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 14 |
| **ആകെ** | **81** |

| | | | |
|---|---|---|---|
| (സി) | വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുള്ള പലയിടങ്ങളിലും ഊടുവഴികളിലൂടെ വ്യാജ മദ്യം, സ്പിരിറ്റ്, മയക്കുമരുന്ന്, കാലികൾ, കോഴികൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ നിരോധിത പുകയില ഉല്പന്നങ്ങൾ എന്നിവ കടത്തുന്നത് വാണിജ്യ നികുതി അന്വേഷണ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; കടത്തലിന് ഉപയോഗിക്കുന്ന ഊടുവഴികൾ ഏതെല്ലാം; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. കാസർഗോഡ് ജില്ലയിലെ പെർമുദെ, ബദ്രം പള്ള, ആനക്കല്ല്, പാണത്തൂർ ആദൂർ, കാഷ്യൂ പ്ലാന്റേഷൻ, കരുദപ്പദവ് തുടങ്ങിയ വഴികളിലൂടെ കോഴിക്കള്ളക്കടത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയിൽ മുപ്പൈനാട് പഞ്ചായത്തിലെ കല്ലിക്കണി, അമ്പലവയൽ പഞ്ചായത്തിലെ പാമ്പാളയും കണ്ണൂർ ജില്ലയിലെ കീഴ്പ്പാറം പെരിങ്ങത്തൂർ, കരിയാട്, കണ്ടുചിറ, പൊന്നീയം, പാനൂർ മൂലക്കടവ് തുടങ്ങിയ വഴികളിലും കോഴിക്കള്ളക്കടത്ത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ എല്ലപട്ടണം കോവിൽ റോഡ്, കരുമാണ്ട കൊണ്ടന്നൂര് കിണർപള്ളം റോഡ്. ചുണ്ണാമ്പുകല്ല് തോട്, വടക്കുകാട് റോഡ്, നെടുമ്പാറ റോഡ്, സൂര്യ പാറ റോഡ്, നെല്ലിമേട് റോഡ്, മീനക്കര റോഡ്, അനിപുരി റോഡ് എന്നിവ മുഖേനയും അനധികൃതമായി ചരക്കുകൾ കടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഇത്തരം കടത്തലിൽ പിടിക്കപ്പെട്ട എത്ര തുകയുടെ നികുതി തുക സർക്കാരിന് 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) | 2011-12 - 3.064 കോടി<br>2012-13 - 3.37 കോടി<br>2013-14 - 6.25 കോടി |
| (ഇ) | ഇത്തരം കടത്തലുകൾ നിയന്ത്രിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഇ) | ചെക്ക് പോസ്റ്റിന് സമീപത്തുള്ള സമാന്തര വീഥികളിലും, ഊടുവഴികളിലും ഇന്റലിജൻസ് സ്ക്വാഡിനെ ഉപയോഗിച്ച് സാധന സാമഗ്രികളുടെ അനധികൃത കടത്ത് തടയുന്നതിന് രാത്രികാലം ഉൾപ്പെടെ നിരന്തരം പരിശോധന നടത്തുന്നുണ്ട്. നികുതിവെട്ടിപ്പ് നടത്തുന്നതായി പ്രഥമ ദൃഷ്ട്യാ വിവരങ്ങൾ ലഭ്യമായ വ്യാപാര സ്ഥാപനങ്ങളിൽ കടപരിശോധന നടത്തി കർശന നടപടി എടുക്കുന്ന സംവിധാനമുണ്ട്. ചെക്ക് പോസ്റ്റിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഇന്റലിജൻസ് |

| | | | |
|---|---|---|---|
| | | | വിംഗ് കാലാകാലങ്ങളിൽ ഓവർടേക്ക് ചെയ്യാറുണ്ട്. കൂടാതെ ചെക്ക് പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങൾ, പ്രത്യേകിച്ച് നികുതി വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള കോഴി, തടി, പ്ലൈവുഡ്, വിവിധ പ്രൊഡ്യൂസ് എന്നിവ വീണ്ടും പരിശോധിക്കാൻ അഡീഷണൽ സ്ക്വാഡുകളെ വാളയാർ പോലുള്ള ചെക്ക് പോസ്റ്റുകളിൽ നിയമിച്ചിട്ടുണ്ട്. |
| (എഫ്) | ചെക്ക് പോസ്റ്റുകളിൽ നിന്നല്ലാതെ വാണിജ്യ നികുതി അന്വേഷണ വിഭാഗം 2011-12, 2012-13, 2013-14 വർഷങ്ങളിൽ കണ്ടെത്തിയ നികുതി വെട്ടിപ്പുവഴി ലഭിച്ച പിഴതുക എത്രയെന്ന് വ്യക്തമാക്കുമോ? | (എഫ്) | ചെക്ക് പോസ്റ്റുകളിൽ നിന്നല്ലാതെ വാണിജ്യ നികുതി അന്വേഷണ വിഭാഗം കണ്ടെത്തിയ നികുതി വെട്ടിപ്പ് വഴി ലഭിച്ച പിഴതുക ചുവടെ ചേർക്കുന്നു.<br>2011-12 - 40.22 കോടി<br>2012-13 - 53.98 കോടി<br>2013-14 - 57. 41 കോടി |

സെക്ഷൻ ഓഫീസർ